(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1934/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി : 14.11.2016

Phone No : 0471-2331231,

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മാണിക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാണിക്കൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

എസ്:23/11/16

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1934/2016 തീയതി: 15.11.2016

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.05.16 മുതൽ 7.10.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,

വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ ക്കുറിപ്പുകൾ 17 എണ്ണം നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ, (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13.10.2016മുതൽ 20.10.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ എ.നിസാമുദ്ദീൻ, (ഓഡിറ്റ് ഓഫീസർ)

ശ്രീ രാജൻ വി.ഡി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ പ്രകാശ് കൃഷ്ണൻ, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി സ്മിത പി.എസ്, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി എസ്.സുജാത 01.04.15 മുതൽ 31.03.16 വരെ

സെക്രട്ടറി : ശ്രീ എം.പി.പ്രമോദ് 01.04.15 മുതൽ 31.03.16 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി .രശ്മി പി.നായർ | 01.04.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. സുജാറാണി | 01.04.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി. നിഷ എൽ.ആർ | 01.04.2015 മുതൽ 31.3.2016 വരെ |
| ICDS സൂപ്പർവൈസർ | ഡോ. പ്രീതകുമാരി | 01.04.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ I | ശ്രീമതി .ബിന്ദു ടി.എസ്. | 01.04.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ II | ശ്രീ. ഹനീഫ | 01.04.2015 മുതൽ 30.9.2015 വരെ |
| | ശ്രീമതി. ഇന്ദു .പി | 01.10.2015 മുതൽ 31.3.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ലൈല എസ് | 01.04.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.എൻ. രാജേന്ദ്രൻ നായർ<br>ശ്രീമതി .ബിജി ജോസഫ് | 01.04.2015 മുതൽ 18.8.2015 വരെ<br>21.08.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം -2 | | |
| 12 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ | 2-1 | |
| 13 | വസ്തുനികുതി - 50,33,265/- രൂപ കുടിശ്ശിക. | 2-2 | |
| | ഭാഗം -3 | | |
| 14 | എസ്.എൽ.ഐ, ജി.ഐ.എസ് - പ്രീമിയം തുകകൾ കുറവായി അടവാക്കുന്നു | 3(1) | |
| 15 | ടീച്ചേഴ്സ് ബാങ്ക് (എൽ.പി - യു.പി) - ഫണ്ടിന്റെ വിനിയോഗം 12-ാം പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധം | 3(2) | |
| 16 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിൽ തുടർനിരീക്ഷണങ്ങൾ അനിവാര്യം | 3(3) | |
| 17 | തെരുവുവിളക്കുകളുടെ പരിപാലനം- മീറ്ററിംഗ് സംവിധാനം അനിവാര്യം | 3(4) | |
| 18 | കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ - നിയമാനുസൃതമല്ല | 3(5) | |
| 19 | വയോക്ലിനിക് പദ്ധതി (ആയുർവേദം) - മാതൃകാപരം | 3(6) | |
| 20 | പൊതുമരാമത്ത് പ്രവർത്തികൾ - നഷ്ടം 94578/- രൂപ | 3(7) | |
| 21 | മഹാത്മാ ഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി - അവലോകനം | 3(8) | |
| | ഭാഗം - 4 | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.15 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 18,36,27,833/- രൂപ വരവും 17,58,71,622/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ്

18,06,17,530/- രൂപയും (മുന്നിരിപ്പുൾപ്പെടെ) ചെലവ് 15,64,17,709/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 27.07.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| | | |

(അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 29783569/-

വരവ് - 68600728/-

ആകെ - 98384297/-

ചെലവ് - 74184476/-

നീക്കിബാക്കി - 24199821/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 120490 | 7282972 | 7403462 | 7403462 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | 971840 | 8027953 | 8999793 | 8999793 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | 135000 | - | 135000 | 135000 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 5138 | 5582415 | 5587553 | 5587553 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺ | 75151 | 3605345 | 3680496 | 3680496 | - | 100 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10386 | 6359844 | 6370230 | 6370230 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | 5596000 | 4559995 | 10155995 | 10155995 | - | 100 |
| എം.ജി.എൻ.ആർ. .ഇ. ജി.എസ് | 122076 | 32523356 | 32645432 | 32644432 | 1000 | 99.8 |
| ബി ഫണ്ട് | - | 52037562 | 52037562 | 52037562 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 75888301 | 141 | 51955922 | - | 18 | 88.6 |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദ നികുതി | 85000 | 800000 | +715000 | |
| തൊഴിൽ നികുതി | 1560606 | 1993560 | + 432924 | |
| കെട്ടിട നികുതി | 4905927 | 3508645 | - 1397282 | |
| പരസ്യ നികുതി | 9720 | 40500 | + 30780 | |
| നികുതിയേതര വരവുകൾ | | | | |

| | | | | |
|---|---|---|---|---|
| ലേലം (MARKET) | - | 216000 | + 216000 | |
| ഷോപ്പിംഗ് കോംപ്ലക്സ് | 302991 | 326949 | + 23958 | |
| ഡി&ഒ ലൈസൻസ് | 114900 | 237825 | + 122925 | |
| മറ്റ് വരവുകൾ | 1822614 | 87372 | - 1735242 | |
| ആകെ | | | | |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് ഊന്നൽ നൽകേണ്ടതുണ്ട്. വസ്തുനികുതി, വിനോദ നികുതി, പരസ്യ നികുതി, മൊബൈൽ ടവറുകൾക്ക് വസ്തു നികുതി എന്നിവ ഈടാക്കിയും, ഡി&ഒ ലൈസൻസ് ഫീ കൃത്യമായി ഈടാക്കിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1114320 | 623 |
| കർഷക തൊഴിലാളി പെൻഷൻ | - | - |
| വിധവാപെൻഷൻ | - | - |
| വാർദ്ധക്യകാല പെൻഷൻ | - | - |
| വികലാംഗ പെൻഷൻ | - | - |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 750000 | 25 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | - | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2016-ാം തീയതി രാവിലെ 10.40 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 70,164/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഡെഡ്സ്റ്റോക്ക് രജിസ്റ്ററുകൾ, തനതുവരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ മുതലായവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകൾ അനിവാര്യമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ /മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

വാഹനങ്ങളുടെ ലോഗ് ബുക്ക് ശരിയായി പാലിക്കപ്പെടുന്നില്ല. ഇന്ധനം നിറയ്ക്കൽ വിവരങ്ങൾ, വണ്ടി നമ്പർ, സൂപ്പർവൈസിംഗ് ഓഫീസറുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഭാവിയിൽ മേല്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

വാർധക്യകാല പെൻഷൻ, അഗതികൾക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയവയ്ക്കുള്ള അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ ശിപാർശ, ബന്ധപ്പെട്ട വാർഡ് മെമ്പറുടെ അഭിപ്രായം, പഞ്ചായത്തുകമ്മിറ്റിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തുകയോ സെക്രട്ടറി ഒപ്പിടുകയോ ചെയ്യുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.10.16-7.10.16 | 1.09.16 – 30.09.16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.07.02 – 18.07.02 | 1997-98 -- 2001-02 | 11.11.02 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ

ഗ്രാമപഞ്ചായത്തിന്റെ 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള തിരികെ വാങ്ങാത്ത ഡെപ്പോസിറ്റ് തുകകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

## 2-2 വസ്തുനികുതി - 50,33,265/- രൂപ കുടിശ്ശിക

മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശികയായ 31,27,078/- രൂപ ഉൾപ്പെടെ ആകെ 50,33,265/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസായ വസ്തുനികുതി കുടിശ്ശികയുൾപ്പെടെ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എൽ.ഐ, ജി.ഐ.എസ് - പ്രിമിയം തുകകൾ കുറവായി അടവാക്കുന്നു

സംസ്ഥാന സർക്കാർ ജി.ഒ(പി)104/12 ഫിൻ തീ: 09.02.12, ജി.ഒ(പി)381/2011/ ഫിൻ തീ: 06.09.11 എന്നിവ പ്രകാരം നിശ്ചയിച്ചിരിക്കുന്ന നിരക്കിലും വളരെ കുറവായാണ് ജീവനക്കാർ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സ്കീം, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവയുടെ പ്രിമിയം തുകകൾ അടവാക്കി വരുന്നത്. കൂടാതെ, ശ്രീമതി ഷമീമ ബീവി എസ്.എം, ക്ലാർക്ക് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സ്കീം, ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം തുകകൾ അടവാക്കിക്കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | അടിസ്ഥാന ശമ്പളം | അടവാക്കുന്ന പ്രിമിയം തുക എസ്.എൽ.ഐ | അടവാ ക്കേണ്ട പ്രിമിയം തുക | അടവാക്കുന്ന പ്രിമിയം തുക ജി.ഐ.എസ് | അടവാ ക്കേണ്ട പ്രിമിയം തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ശ്രീ.പ്രമോദ്എം.പി, സ്പെ.ഗ്രേ.സെക്രട്ടറി | 32110 | 150 | 450 | 100 | 300 |
| 2 | ശ്രീ.രാജേന്ദ്രൻനായർ അസി.സെക്രട്ടറി | 20740 | ബാധകമല്ല | ബാധകമല്ല | 200 | 250 |
| 3 | ശ്രീമതി. സുനി ബി. ടി, ജൂനിയർ സൂപ്രണ്ട് | 19240 | 150 | 375 | ബാധകമല്ല | ബാധകമല്ല |
| 4 | ശ്രീമതി. ജയശ്രീ എൽ.വി, സീ.ക്ലാർക്ക് | 13540 | ബാധകമല്ല | ബാധകമല്ല | 150 | 200 |
| 5 | ശ്രീമതി.പ്രമീള എം.പി, സീനിയർ ക്ലാർക്ക് | 14,980 | 200 | 225 | 100 | 200 |
| 6 | ശ്രീമതി. സജ്ജയ്യ പി, സീനിയർ ക്ലാർക്ക് | 13900 | 150 | 225 | 100 | 200 |
| 7 | ശ്രീമതി. ഷിജി എസ്, സീനിയർ ക്ലാർക്ക് | 13900 | ബാധകമല്ല | ബാധകമല്ല | 150 | 200 |
| 8 | ശ്രീമതി. ബീനാറാണി, ലൈബ്രേറിയൻ ഗ്രേ.IV | 13900 | 100 | 225 | 100 | 200 |
| 9 | ശ്രീമതി. മായ കെ, ക്ലാർക്ക് | 12880 | 150 | 225 | ബാധകമല്ല | ബാധകമല്ല |
| 11 | ശ്രീ. രാജേഷ് കുമാർ, ഓഫീസ്അറ്റൻഡന്റ് | 11620 | 150 | 225 | ബാധകമല്ല | ബാധകമല്ല |

സർക്കാർ നിശ്ചയിച്ച നിരക്കിൽ സ്ലാബ് അനുസരിച്ച് ജീവനക്കാർ പ്രീമിയം തുക അടവാക്കാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണ കുറിപ്പിന് ജി.ഐ.എസ് തുകകൾ പുതുക്കിയ നിരക്കിൽ അടവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എസ്.എൽ.ഐ തുകകൾ പുതുക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## 3-2 ടീച്ചേഴ്സ് ബാങ്ക് (എൽ.പി - യു.പി) - ഫണ്ടിന്റെ വിനിയോഗം 12-ാം

പദ്ധതി നം - 33/16

ചെലവ് – 5,28,400/- (Rs.1,11,535/- വികസന ഫണ്ട്; Rs.4,16,865/- ധനകാര്യ കമ്മീഷൻ അവാർഡ്)

12-ാം പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) 362/2013തസ്വഭവ 16.11.2013 വിഭാവനം ചെയ്തിട്ടുള്ള നിർദേശങ്ങൾക്ക് വിരുദ്ധമായാണ് 2015-16 വർഷം ടീച്ചേഴ്സ് ബാങ്ക് എൽ.പി - യു.പി എന്ന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ കീഴിൽവരുന്ന 6 സ്കൂളുകൾക്കായി എൽ.പി-യു.പി അസിസ്റ്റന്റുമാരുടെ അഭാവത്തിൽ പകരം ക്ലാസ്സ് കൈകാര്യം ചെയ്യുന്നതിലേക്കും സ്പെഷ്യൽ അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിലേക്കുമായി ടീച്ചറൊന്നിന് പ്രതിദിനം 400/-രു നിരക്കിൽ തുക വകയിരുത്തിയാണ് പദ്ധതിനിർവഹണം നടത്തിയിട്ടുള്ളത്. സ.ഉ.നം. 44667 ഇ.എം2/08/തസ്വഭവ19.10.2010 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകപ്പെട്ട അധികാരങ്ങളിലും കർത്തവ്യങ്ങളിലും ചുമതലകളിലും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള അക്കാഡമിക് കാര്യങ്ങൾ ഉൾപ്പെടുന്നില്ല.

വിദ്യാലയങ്ങളിൽ ദിവസവേതന അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിയില്ലാതെ അധ്യാപകരെ നിയമിച്ച് ഫണ്ട് വിനിയോഗം നടത്തിയിട്ടുള്ളത് ന്യായീകരിക്കാനാവില്ല. കൂടാതെ പൊതുവിദ്യാലയങ്ങളുടെ ഉന്നമനത്തിനായി എസ്.എസ്.എ വിഹിതമായി 7,00,000/- രൂപ പദ്ധതി നമ്പർ 32/16 ആയി വകയിരുത്തി ചെലവഴിച്ചിട്ടുള്ളതാണ്. സർക്കാരിന്റെ അനുമതിയില്ലാത്ത ടീച്ചേഴ്സ് ബാങ്ക് എന്ന പദ്ധതി നിർവഹണത്തിലൂടെയുള്ള ഇത്തരം ചെലവുകൾ ഖജനാവിന് അധികബാധ്യത ഉണ്ടാക്കുന്നതാണ്. വിദ്യാലയങ്ങളിലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് എയ്ഡഡ് സ്കൂളുകളിൽനിന്നും അധികതസ്തികയായി കണ്ടെത്തുന്ന അധ്യാപകരുടെ സേവനം പൊതുവിദ്യാഭ്യാസ മേഖലയിൽ ഉപയുക്തമാക്കാനായുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് വരികയാണ്. ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കാതെ ഇതുപോലുള്ള പദ്ധതികൾ നിർവഹിക്കാനായി ഫണ്ട് വിനിയോഗിക്കുന്നത് ചെലവ് ഇരട്ടിപ്പിക്കാനിടയാക്കുകയാണ് ചെയ്യുന്നത്. പദ്ധതി മാർഗ്ഗരേഖ പ്രകാരമല്ലാത്തതും സർക്കാരിന്റെ അനുമതിയില്ലാതെയുമുള്ള

ഫണ്ട് വിനിയോഗം ദീർഘവീക്ഷണമില്ലാത്ത പ്രവർത്തനവും സർക്കാർ ഫണ്ടിന്റെ ദുർവിനിയോഗവുമാണ്. ടീച്ചേഴ്സ് ബാങ്ക് പദ്ധതി ഇനത്തിൽ പഞ്ചായത്ത് 2014 മുതൽ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അടങ്കൽ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 2014-15 | 3,20,000 | 3,46,800 | പഞ്ചായത്ത് കമ്മിറ്റി അധിക തുക അനുവദിച്ചു |
| 2015-16 | 4,00,000 | 5,28,400 | പഞ്ചായത്ത് കമ്മിറ്റി അധിക തുക അനുവദിച്ചു |
| 2016-17 | 5,00,000 | - | - |

## 3-3 കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിൽ തുടർനിരീക്ഷണങ്ങൾ അനിവാര്യം

2015-16 വർഷം ആകെ ഏഴ് പദ്ധതികളാണ് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നിർവഹണങ്ങളുടെ ചെലവ് വിവരങ്ങൾ മാത്രമാണ് പ്രോജക്ട് ഫയലിലുള്ളത്. ഏതൊരു പദ്ധതിയുടെയും അനിവാര്യമായ മോണിറ്ററിംഗ് ഈ പദ്ധതികളിൽ നിർവഹിച്ചുകാണുന്നില്ല. വേണ്ടത്ര തുടർ നിരീക്ഷണങ്ങൾ നടത്തുകയും മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമായ സംഗതിയാണ്. കൂടാതെ നെൽകൃഷി പദ്ധതികൾ കൂടുതൽ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ അനിവാര്യമാണ്.

## 3-4 തെരുവുവിളക്കുകളുടെ പരിപാലനം - മീറ്ററിംഗ് സംവിധാനം അനിവാര്യം

പദ്ധതിയുടെപേര് – എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ
പ്രോജക്ട് നം – 75/2016
അടങ്കൽ തുക – 15,00,000/- (പൊതുവിഭാഗം – തനതുഫണ്ട്)
ചെലവ് തുക – 12,34,099/-
ചെക്ക് നം – 0176586/20.08.2015

2015-16 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ താഴെ പറയും വിധമുള്ള അപാകങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

1) സ.ഉ.നം 65529/ഡി.സി.3/12 ത.സ്വ.ഭ.വ 12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ തെരുവുവിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിനായുള്ള ടി സംവിധാനം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിനായി ചെലവാക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

2) തെരുവുവിളക്കുകൾ യഥാവിധി പരിപാലിക്കുന്നതിനും അറ്റകുറ്റപണികൾ സമയബന്ധിതമായി നിർവഹിക്കുന്നതിനും വൈദ്യുത ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുകയും, ഓരോ വാർഡുകളിലും തെരുവുവിളക്കുകൾ സജ്ജമാക്കിയതിന്റെ രേഖകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം ആധികാരികമാക്കുകയും ചെയ്യേണ്ടതാണ്.

## 3-5 കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ - നിയമാനുസൃതമല്ല

പദ്ധതിയുടെ പേര് – കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ
പ്രോജക്ട് നം. – 108/2016
അടങ്കൽ തുക – 4,60,000/- (പൊതുവിഭാഗം – മെയിന്റനൻസ് ഫണ്ട്)
ചെലവ് തുക – 2,41,000/-
ചെക്ക് നം - 061021/03.10.15(1,30,000/-), 980939, 980940/24.11.15(1,11,200/-)

2015-16 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ, ടെണ്ടർ നടപടികൾ അംഗീകരിക്കുന്നതിന് മുൻപ് സ.ഉ(സാധാ) നം.1972/2011/ തസ്വഭവ തീ. 22.08.2011വിഭാവനം ചെയ്യും വിധം DGS&DRate contract വ്യവസ്ഥയിലുള്ള വാങ്ങൽ നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചതായി ബന്ധപ്പെട്ട ഫയൽ രേഖകളിലില്ല. കൂടാതെ, കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാങ്ങലുകളുടെ പ്രാരംഭപ്രക്രിയ എന്നവണ്ണം സ്പെസിഫിക്കേഷൻ ക്ലിപ്തപ്പെടുത്തിയതായും കാണുന്നില്ല. ടെണ്ടർ ഉറപ്പിക്കുന്നതിന് മുൻപുതന്നെ കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ Specification clearance വരുത്തേണ്ടത് ആവശ്യമാണ്. Annual maintenance contract വയ്ക്കുന്നതിലേക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ വാങ്ങലുകളിൽ അപാകങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വയോക്ലിനിക് പദ്ധതി (ആയുർവേദം) - മാതൃകാപരം

കേരളത്തിലെ ജനസംഖ്യയിൽ 14% വരുന്ന വൃദ്ധരിൽ 20 ശതമാനത്തോളവും 80 വയസ്സിനു മുകളിൽ പ്രായമുള്ളവരും പലതരത്തിലുള്ള അവശതയനുഭവിക്കുന്നവരും ആണെന്നിരിക്കെ, വാർദ്ധക്യത്തിന്റെ തിക്താനുഭവങ്ങളിൽ നിന്ന് മാണിക്കൽ ഗ്രാമപഞ്ചായത്തിലെ വയോജനത്തിന് പരിരക്ഷ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ പഞ്ചായത്ത് ഫലപ്രദമായി നടത്തിവരുന്നു. വൃദ്ധർക്ക് വൈകാരിക പിന്തുണ നൽകൽ, നീതി ലഭ്യമാക്കൽ, വിനോദവിജ്ഞാനങ്ങൾ പകർന്നു കൊടുക്കൽ മുതലായവ ലക്ഷ്യമിടുന്ന പദ്ധതി ആരോഗ്യ മേഖലയ്ക്കാണ് പ്രമുഖ സ്ഥാനം നൽകിവരുന്നത്. അതിനായി വയോക്ലിനിക് എന്ന പ്രോജക്ട് ആയുർവേദ മേഖലയിൽ പ്രശംസനീയമാം വിധം നടപ്പിലാക്കുകയുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു:

പ്രോജക്ട് നമ്പർ - 175/16

പദ്ധതി തുക - 2,50,000/-

നിർവഹണോദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ (ആയുർവേദം)

പഞ്ചായത്തിലെ 21 വാർഡുകളെ 8 സെന്ററുകളാക്കി തിരിച്ച് ഓരോ ക്യാമ്പിലും മെഡിക്കൽ ഓഫീസർ നടത്തിയ ക്യാമ്പിലൂടെ അർഹരായവരെ രജിസ്റ്റർചെയ്യിക്കുകയും അവർക്കാവശ്യമായ ഔഷധങ്ങൾ അടുത്ത സന്ദർശനത്തിലൂടെ എത്തിക്കുകയും ചെയ്തു. ആവശ്യമായ ജീവനക്കാരുടെ അഭാവത്തിൽ അതത് വാർഡിലെ അംഗൻവാടി വർക്കേഴ്സ്, ആശാ വർക്കേഴ്സ് എന്നിവരടങ്ങുന്ന ആരോഗ്യ കർമസേന രൂപീകരിച്ചാണ് പ്രവർത്തനം നടത്തിവരുന്നത്. ഇതൊരു മരുന്നുവിതരണ സമ്പ്രദായം മാത്രമായി ഒതുങ്ങാതെ ഓരോ മുതിർന്ന പൗരന്റെയും ശാരീരികവും മാനസികവുമായ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്ന ഒരു സംവിധാനമായി വർത്തിക്കുന്നതിലേയ്ക്കായി മാസത്തിൽ ഒരു തവണ അവരുടെ താമസസ്ഥലങ്ങൾ സന്ദർശിച്ച് ആവശ്യമായ പരിശോധനയും ചികിത്സയും നിർദേശങ്ങളും നൽകുന്നതിനുള്ള പരിശീലനം ആശാ വർക്കേഴ്സിനു നൽകാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

മാണിക്കൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വയോക്ലിനിക് പദ്ധതിയിലൂടെ വൃദ്ധരുടെ ആരോഗ്യ പ്രശ്നങ്ങൾ ഏറിയപങ്കും പരിഹരിക്കുന്നതിനും വാർദ്ധക്യകാലം ആരോഗ്യത്തോടെയും ഊർജസ്വലതയോടെയും ആസ്വദിക്കാൻ അവരെ പ്രാപ്തരാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതൊരു തുടർ പദ്ധതിയാക്കി എല്ലാ സെന്ററുകളിലും രജിസ്ട്രേഷൻ നടന്നുവരുന്നു. മറ്റു പഞ്ചായത്തുകൾക്ക് മാതൃകാപരമായ തരത്തിൽ വിജയകരമായി ഈ പദ്ധതി നിർവഹിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-7 പൊതുമരാമത്ത് പ്രവർത്തികൾ - നഷ്ടം 94578/- രൂപ

*(I) സെന്ററിംഗ് & ഷട്ടറിംഗ്-അധിക നിരക്ക് അനുവദിച്ചു*

ഫൗണ്ടേഷൻ, ഫൂട്ടിംഗ്സ്, കോളം ബേസ് മുതലായവയ്ക്കുള്ള സെന്ററിംഗ് & ഷട്ടറിംഗിന് ഡൽഹി അനാലിസിസ് ഓഫ് റേറ്റ് 5.9.1 പ്രകാരം ഒരു ചതുരശ്ര മീറ്ററിന് അനുവദനീയമായ തുക 280.66 രൂപയാണ്. എന്നാൽ പ്രസ്തുത ഇനത്തിന് ഡൽഹി അനാലിസിസ് ഓഫ് റേറ്റ് 5.9.2പ്രകാരമുള്ള 515.46 രൂപ അനുവദിച്ചിരിക്കുന്നു. വിശദാംശം ചുവടെ:

(a) പ്രോജക്ടിന്റെ പേര് - പിരപ്പൻകോട് ശ്രീകൃഷ്ണക്ഷേത്രം റോഡ് ഓട നിർമ്മാണം

പ്രോജക്ട് നമ്പർ - 158/15-1

എസ്റ്റിമേറ്റ് തുക - 384590(MF-ROAD)

അളവ് പുസ്തകം - 69/15-16

കരാറുകാരൻ - എസ്. ആർ. ദാസ് (2.02% കുറവിൽ)

ബിൽ നമ്പർ -39/15-16 തീയതി. 26.2.2016

ആകെ അളവ് - 63m2

അനുവദിച്ച നിരക്കും തുകയും - 63x515.46=32474 (2.02%ടെണ്ടർ കുറവിന്ശേഷം 31818/-)

അനുവദനീയമായ നിരക്കും തുകയും -63x280.66=17681(2.02%ടെണ്ടർ കുറവിന് ശേഷം17324/-)

ഇവ തമ്മിലുള്ള വ്യത്യാസവും അതിലൂടെയുള്ള നഷ്ടവും -14493/- (31818-17324)

(b) പ്രോജക്ടിന്റെ പേര്- വെമ്പായം കൊഞ്ചിറ റോഡ് ഓട നിർമ്മാണം

പ്രോജക്ട് നമ്പർ - 142/15-16

എസ്റ്റിമേറ്റ് തുക - 646000(WORLD BANK)

അളവ് പുസ്തകം - 302/14-15

കരാറുകാരൻ - മനാഫ്.എം (2.1% കുറവിൽ)

ബിൽ നമ്പർ - 39/15-16 തീയതി. 26.2.2016

ആകെ അളവ് - 33m2

അനുവദിച്ച നിരക്കും തുകയും - 33m2x515.46=17010 (2.1%ടെണ്ടർ കുറവിന് ശേഷം16653/-)

അനുവദനീയമായ നിരക്കും തുകയും - 33m2x280.66=9262 (2.1%ടെണ്ടർ കുറവിന് ശേഷം 9068/-)

ഇവ തമ്മിലുള്ള വ്യത്യാസവും അതിലൂടെയുള്ള നഷ്ടവും- 7585/- (16653-9068)

*(II)* *ഓട പ്ലാസ്റ്ററിംഗ്-അധിക നിരക്ക് അനുവദിച്ചു*

ഓട നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഓട പ്ലാസ്റ്ററിംഗിന് ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് 11.6.1 ലെ cement plaster skirting (up to 30 cm height) with cement mortar 1:3 finished with a floating coat of neat cement 18mm എന്ന ഇനം പ്രകാരം 1m2 ന് 481.81എന്ന നിരക്ക് അനുവദിച്ചതിലൂടെ നഷ്ടം സംഭവിച്ചു. ഡൽഹി അനാലിസിസ് ഓഫ് റേറ്റ് 13.17 പ്രകാരം 6mm cement plaster 1:3 finished with a floating coat of neat cement and thick coat of lime wash on top of walls when dry for bearing of RCC slabs and beams എന്ന ഇനത്തിന് 1 m2ന് 259.94 രൂപ അനുവദനീ യമാണെങ്കിലും പ്രവൃത്തിയുടെ ഭാഗമായി ഓടയ്ക്ക് മുകളിൽ സ്ലാബ് ഇട്ടിട്ടില്ലാത്തതിനാൽ ഇവിടെ അനുവദനീയമായ നിരക്ക് ഒരു ചതുരശ്ര മീറ്ററിന് ഡി.എസ്.ആർ. 13.16.1 ലെ 6mm cement plaster of mix 1:3 എന്ന ഇനത്തിനുള്ള 192.44 എന്ന നിരക്കാണ്. വിശദാംശം ചുവടെ.

(a) പ്രോജക്ടിന്റെ പേര് - പിരപ്പൻകോട് ശ്രീകൃഷ്ണക്ഷേത്രം റോഡ് ഓട നിർമ്മാണം

ആകെ അളവ് - 207.90 m2

അനുവദിച്ച നിരക്കും തുകയും - 207.90x481.81=100168.29

അനുവദനീയമായ നിരക്കും തുകയും - 207.90x192.44=40008(2.02%ടെണ്ടർ കുറവിന് ശേഷം39200/-)

ഇവ തമ്മിലുള്ള വ്യത്യാസവും അതിലൂടെയുള്ള നഷ്ടവും- 58945/- ( 98145-39200)

(b) പ്രോജക്ടിന്റെ പേര് - വെമ്പായം കൊഞ്ചിറ റോഡ് ഓട നിർമ്മാണം

പ്രോജക്ട് നമ്പർ - 142/15-16

എസ്റ്റിമേറ്റ് തുക - 646000(WORLD BANK)

അളവ് പുസ്തകം - 302/14-15

കരാറുകാരൻ - മനാഫ്.എം (2.1%below)

ബിൽ നമ്പർ - 39/15-16 തീയതി. 26.2.2016

ആകെ അളവ് - 47.85 m2

അനുവദിച്ച നിരക്കും തുകയും - 47.85x481.81=23054(2.1%ടെണ്ടർ കുറവിന് ശേഷം 22570/-)

അനുവദനീയമായ നിരക്കും തുകയും - 47.85x192.44=9208(2.1%ടെണ്ടർ കുറവിന് ശേഷം 9015/-)

ഇവ തമ്മിലുള്ള വ്യത്യാസവും അതിലൂടെയുള്ള നഷ്ടവും- 13555/- ( 22570-9015)

ഓടയിലൂടെയുള്ള ഒഴുക്ക് പരിഗണിച്ചാണ് പ്ലാസ്റ്ററിംഗിന് 11.6.1നൽകിയത് എന്നും സാധാരണ സൈറ്റുകളിലാണ് 13.6.1 അനുവദനീയം എന്നും പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (10,15)യ്ക്ക് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഡി.എ.ആർ 13.6.1ആണ് അനുവദനീയമായ നിരക്ക് എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

രണ്ട് പ്രവൃത്തികളിലൂടെയുണ്ടായ നഷ്ടം 94,578/- രൂപയാണ്. ഇത് കരാറുകാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും അതിൽ വീഴ്ച വരുത്തിയാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയാകുന്നതുമാണ്. കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റുകളിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005-ലെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം മാണിക്കൽ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഭൂരിഭാഗവും ഭൂവികസനം, തോട് നവീകരണം, നടപ്പാത പുനർനിർമാണം മുതലായ പ്രവൃത്തികളാണ്.

ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി തൻവർഷം 5,69,899/- രൂപ (മുന്നിരിപ്പ് ഉൾപ്പെടെ) വരവ് വരികയും 5,68,899 /-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ പഞ്ചായത്തിലെ 6040 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും 5885 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, 2506 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ളതിൽ 2368 കുടുംബങ്ങൾ മാത്രമാണ് തൊഴിൽ ചെയ്തിട്ടുള്ളത്. 128202 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും 43 കുടുംബങ്ങൾക്കു മാത്രമാണ് 100തൊഴിൽ ദിനം നൽകിയത്. ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ കൂടുതൽ ആവിഷ്കരിച്ച് പരമാവധി കുടുംബങ്ങൾക്ക് 100തൊഴിൽ ദിനം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നടപ്പിലാക്കിയ പ്രവർത്തികളോടൊപ്പമുള്ള ഫയൽ-ടാക്കിംഗ് ഫോറം സെക്രട്ടറി സാക്ഷ്യപ്പെടുത്തി വരുന്നില്ല. കൂടാതെ, ആസ്തി രജിസ്റ്റർ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എല്ലാ ഫയലിനോടൊപ്പവും പ്രസ്തുത പദ്ധതിയുടെ ഫോട്ടോ സൂക്ഷിക്കേണ്ടതും സോഷ്യൽ ഓഡിറ്റ് മിനിട്സ് സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 150000 | 30/2016 &29/2016 | 150000 | - |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 501957 | 18/2016 | 501957 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി ലോൺ തിരിച്ചടവ് | 727/2010 LSGD dt. 4.03.10 | 11300000 | 5650000 | 1130000 | | 4520000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇല്ല | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 19,910/- രൂപ (4500+15410) ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 98384297/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74184476/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 94578/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3(6) | | 94578/- | ശ്രീമതി രശ്മി പി.നായർ,<br>അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രശ്മി പി.നായർ,<br>അസി. എഞ്ചിനീയർ | | ലതാ നിവാസ്, മരുതൂർ,<br>വട്ടപ്പാറ പി.ഒ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ്.റ്റി.ഡി.ജി.പി.10/1285/03 31.05.04 | 15 |

| | | |
|---|---|---|
| 1999-2000 | എൽഎഫ്.റ്റി.ഡി.ജി.പി.10/1630/04 9.04.05 | 8 |
| 2000-01 | എൽഎഫ്.റ്റി.ഡി.ജി.പി.10/243/04 15.05.05 | |
| 2001-02 | എൽഎഫ്.റ്റി.ഡി.ജി.പി.10/198/04 21.12.05 | 10 |
| 2002-03 | എൽഎഫ്.റ്റി.ഡി.ജി.പി.9/574/08 2.07.08 | 4 |
| 2003-04 | എൽഎഫ്.റ്റി.ഡി.ജി.പി.9/1777 / 08 13.07.09 | 3 |
| 2004-05 | എൽഎഫ്.റ്റി.ഡി.ജി.പി.9/1778/08 13.07.09 | 3 |
| 2005-06 | എൽഎഫ്.റ്റി.ഡി.ജി.പി.9/1778/08/13.07.09 | 14 |
| 2006-07 | എൽഎഫ്.റ്റി.ഡി.ജി.പി.10/1719/08 13.07.09 | 6 |
| 2007-08 | എൽഎഫ്.റ്റി.ഡി.ജി.പി.10/1243/11 11.04.11 | 14 |
| 2008-09 | എൽഎഫ്.റ്റി.ഡി.ജി.പി.10/244/11 11.04.11 | 11 |
| 2009-10 | എൽഎഫ്.റ്റി.ഡി.ജി.പി.10/884/11 25.05.11 | 8 |
| 2010-11 | എൽഎഫ്.റ്റി.ഡി.ജി.പി.10/2197(A)/12 8.04.13 | ലഭ്യമല്ല. |
| 2011-12 | എൽഎഫ്.റ്റി.ഡി.ജി.പി.10/1598/13 5.09.13 | ലഭ്യമല്ല. |
| 2012-13 | എൽഎഫ്.റ്റി.ഡി.ജി.പി.10/2536/13 3.02.14 | ലഭ്യമല്ല. |
| 2013-14 | എൽഎഫ്.റ്റി.ഡി.ജി.പി.10/415/15 18.05.15 | ലഭ്യമല്ല. |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1260/16 07.07.16 | ലഭ്യമല്ല. |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്.23/11/16

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അപാകങ്ങളും ഒഴികെ, മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

പാകങ്ങൾ

1. സ്റ്റോക്ക് - വിതരണ രജിസ്റ്റർ കൃത്യമായി പാലിക്കുന്നില്ല
2. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.
3. ആസൂത്രണം ചെയ്യുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കുന്നില്ല.

ı്.

ഡെപ്യൂട്ടി ഡയറക്ടർ,

ıരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.